പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 2759 19.12.2012 ലെ മറുപടിക്ക്

## പട്ടികജാതി മേഖലകളിൽ സൗജന്യ കമ്മ്യൂണിറ്റി ക്ലിനിക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ സൗജന്യ ചികിത്സ ലഭ്യമാക്കാൻ കമ്മ്യൂണിറ്റി ക്ലിനിക് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇവ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ക്ലിനിക്കുകളിൽ നിന്നും എന്തെല്ലാം സേവനങ്ങൾ പ്രദാനം ചെയ്യുമെന്നും ക്ലിനിക്കുകളുടെ നടത്തിപ്പിനുള്ള ചുമതല ആർക്കാണെന്നും ഇതിന്റെ പ്രവർത്തന ചെലവുകൾ ആരാണ് വഹിക്കുന്ന തെന്നും വ്യക്തമാക്കാമോ ; | ബി) | പട്ടികജാതി ജനവിഭാഗങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിൽ 2.5 കി. മീറ്ററിനുള്ളിൽ ആയുർവ്വേദ -ഹോമിയോ- അലോപ്പതി എന്നീ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട യാതൊരു ക്ലിനികും ഇല്ലാത്ത സ്ഥലങ്ങളിൽ ആണ് കമ്മ്യൂണിറ്റി ക്ലിനിക് പദ്ധതി നടപ്പിലാക്കുന്നത്. ഈ ക്ലിനിക്കുകളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പ്രതിമാസം 10,000/- രൂപ ഓണറേറിയം നൽകാനും, ആശാവർക്കർമാർക്ക് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിലുള്ള അതേ വ്യവസ്ഥകൾ തന്നെ ഇവിടെയും ബാധകമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.ആശാവർക്കർമാരായി നിയമിക്കപ്പെടേണ്ടത് ക്ലിനിക്കുകൾക്കടുത്തുള്ള പട്ടികജാതി സങ്കേതങ്ങളിൽ സ്ഥിരതാമസവും, വിദ്യാഭ്യാസവുമുള്ള യോഗ്യരായ സ്ത്രീകളുമായിരിക്കണം. ഈ പദ്ധതി പൈലറ്റ് പ്രോജക്ട് ആയി പാലക്കാട് ജില്ലയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കമ്മ്യൂണിറ്റി ക്ലിനിക് പദ്ധതിയുടെ വിശദമായ പ്രോജക്ട് ആരോഗ്യ വകുപ്പിന്റെ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാനാണ് |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുള്ളത്. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപ്പു വർഷം എന്തു തുക വക കൊള്ളിച്ചിട്ടുണ്ടെന്നും അതിൽ എത്ര ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു വെന്നും എവിടെയെല്ലാം ക്ലിനിക്കുകൾ സ്ഥാപിച്ചുവെന്നും വ്യക്തമാക്കാമോ ? | സി) | 2.5 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷം കമ്മ്യൂണിറ്റി ക്ലിനിക് പദ്ധതിയ്ക്കായി മാറ്റി വച്ചിട്ടുള്ളത്. പ്രസ്തുത തുകയിൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ